കജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള വ്യവസായികൾക്ക് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ്)പട്ടികജാതി വികസനവകുപ്പു നടപ്പിലാക്കുന്ന കുടിൽ വ്യവ സായ ശൃംഖലാ പദ്ധതിയുടെ സബ്സിഡി വർദ്ധിപ്പിക്കുന്നകാര്യം സർക്കാ രിന്റെ സജീവ പരിഗണനയിലാണ്.

14 (*518) കുമാരപിള്ള കമ്മിഷൻ റിപ്പോർട്ട്

ശ്രീ. പി.ജെ. ജോയി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമാരപിള്ള കമ്മിഷൻ റിപ്പോർട്ടനുസരിച്ചുള്ള വിദ്യാഭ്യാസാനു കൂല്യങ്ങൾക്കായുള്ള വരുമാനപരിധി എത്രയാണ്;

(ബി) ഇത് എന്നാണ് നിർണ്ണയിച്ചത്;

(സി) ഇത് പുനർനിർണ്ണയിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) കുമാരപിള്ള കമ്മിഷൻ റിപ്പോർട്ടനുസരിച്ച് വിദ്യാഭ്യാസാനുകൂ ല്യങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി ഗ്രൂപ്പ് ഒന്നിന് 36,000 രൂപയും ഗ്രൂപ്പ് രണ്ടിന് 42,000 രൂപയുമാണ്.

(ബി) 1994 ൽ.

(സി) ഈ വിഷയം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

15 (*519) ഫീസ് നിരക്ക് ഏകീകരിക്കാൻ നടപടി

ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എൻ. അനിരുദ്ധൻ :

പ്രൊഫ. മീനാക്ഷിതമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാകാര്യ മേഖലയിലെ വിദ്യാലയങ്ങളിൽ ഫീസ് നിരക്കുകൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) എങ്കിൽ ഫീസ് നിരക്കുകൾ ഏകീകരിക്കുന്നതിന് ഉദ്ദേശിക്കു ന്നുണ്ടോ;

(സി) സ്വകാര്യ മേഖലയിലെ ഫീസ് നിരക്കുകൾ ഏകീകരിക്കുന്നതി നുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാ ക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

16 (*520) "ഹിൽ ഹൈവേ"

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോരപ്രദേശങ്ങളെ ബന്ധപ്പെടുത്തി "ഹിൽ ഹൈവേ" നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സർക്കാർ എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) വളരെ അവികസിതമായി കിടക്കുന്ന മലയോരപ്രദേശങ്ങളെ കൂട്ടിയിണക്കി ഹൈവേ നിർമ്മിക്കുന്ന പ്രസ്തുത പദ്ധതിക്ക് എന്ത് ചെലവു വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) മലയോര പ്രദേശങ്ങളുടെ വികസനത്തിന് വളരെ പ്രധാനപ്പെട്ട ഹിൽ ഹൈവേകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ)-(ഇ) തിരുവനന്തപുരം ജില്ലയിലെ കടുക്കറയിൽ തുടങ്ങി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവിൽ അവസാനിക്കുന്ന 700 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു നിർദ്ദിഷ്ട മലയോര ഹൈവേ ഗവൺമെന്റ് വിഭാവനം ചെയ്യുന്നുണ്ട്. 200 കിലോമീറ്റർ ദൈർഘ്യം പുതിയ റോഡുകൾ നിർമ്മിച്ചും ബാക്കി ഭാഗം നിലവിലുള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തിയുമാണ് സംസ്ഥാന ഹൈവേയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഈ റോഡ് നിർമ്മിക്കുക. ഈ റോഡിന് കിലോമീറ്ററിന് 50 ലക്ഷം രൂപ ചെലവു വരും, ഈ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിട്ടില്ല. മലയോര പ്രദേശ വികസനം ത്വരിതപ്പെടുത്താൻ സഹായിക്കുന്ന ഹിൽ ഹൈവേ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

17 (*521) ആദിവാസികൾക്ക് കൈവശാവകാശരേഖ നൽകുവാൻ പദ്ധതി

ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly